**ലോക്ക് ഡൗൺ കാലം ഫലപ്രദമാക്കാൻ ബാലസഭാ കുട്ടികൾക്കായി 'റിഥം ഓഫ് നേച്ചർ' പദ്ധതിയുമായി കുടുംബശ്രീ കൊല്ലം ജില്ലാമിഷൻ**

ലോക്ക് ഡൗൺ കാലം ഫലപ്രദമാക്കാൻ ബാലസഭാ കുട്ടികൾക്കായി 'റിഥം ഓഫ് നേച്ചർ' പദ്ധതിയുമായി കുടുംബശ്രീ കൊല്ലം ജില്ലാമിഷൻ.

കോവിഡ്19 രോഗവ്യാപനത്തെ ചെറുക്കാനായി പ്രഖ്യാപിച്ച ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ, ബാലസഭാ കുട്ടികൾക്കായി 'റിഥം ഓഫ് നേച്ചർ' എന്ന പ്രവർത്തനാധിഷ്ഠിത മത്സരം ഒരുക്കി വ്യത്യസ്തരാവുകയാണ് കുടുംബശ്രീ കൊല്ലം ജില്ലാമിഷൻ. കുട്ടികളിലെ അറിയാനുള്ള ആകാംഷ വർധിപ്പിക്കുക, പഴമയുടെ അറിവുകൾ കുട്ടികളിലേയ്ക്ക് കൈമാറ്റം ചെയ്യുക എന്നിവയാണ് 'റിഥം ഓഫ് നേച്ചർ' എന്ന പ്രവർത്തനാധിഷ്ഠിത പദ്ധതിയിലൂടെ കുടുംബശ്രീ കൊല്ലം ജില്ലാമിഷൻ ലക്ഷ്യമിടുന്നത്. മെയ് 1 മുതൽ 10 ദിവസം നീളുന്ന ചിട്ടയായ പ്രവർത്തനമാണ് 'റിഥം ഓഫ് നേച്ചർ'. ഓരോ ദിവസങ്ങളിലും ചെയ്യാനുള്ള പ്രവർത്തനങ്ങൾ വാട്സ്ആപ്പിലൂടെ ബാലസഭാ കുട്ടികളുടെ രക്ഷിതാക്കളുടെ നമ്പറിലേക്ക് അയക്കുകയായിരുന്നു.

ഓരോ ദിവസത്തേക്കുമുള്ള വ്യത്യസ്ത പ്രവർത്തനങ്ങൾ ആണ് ജില്ലാമിഷന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് ബാലസഭാ കുട്ടികളിലേക്ക് എത്തിച്ചിരിക്കുന്നത്. ഇഷ്ടമുള്ള ഒരു ഔഷധച്ചെടി / അലങ്കാരച്ചെടി നടുക, പക്ഷിമൃഗാദികൾക്കായി വീടിന്റെ പരിസരത്തും ചെറിയ വൃക്ഷങ്ങളിലും കുടിവെള്ളം ഒരുക്കുക, വെള്ളം കുടിക്കാൻ എത്തിച്ചേരുന്ന പക്ഷികളെ നിരീക്ഷിക്കുകയും അതിന്റെ സവിശേഷതകളെ രേഖപ്പെടുത്തുകയും ചെയ്യുക, പറമ്പിലും ചുററുവട്ടത്തുമുള്ള ഔഷധച്ചെടികളെ തിരിച്ചറിയുകയും അവയുടെ ഒരു കളക്ഷൻ ബുക്ക് തയ്യാറാക്കുകയും ഓരോ ചെടിയുടെയും പ്രത്യേകതയും അതിന്റെ ഗുണങ്ങളും രേഖപ്പെടുത്തുകയും ചെയ്യുക,

പഴയ കാലത്ത് നിലവിലുണ്ടായിരുന്ന നാടൻ കളികൾ/ ഉത്സവകാല കളികൾ ഏതൊക്കെയെന്ന് മനസ്സിലാക്കുക, അതിന്റെ രീതികൾ എന്തൊക്കെയെന്ന് മനസ്സിലാക്കി നോട്ട്ബുക്കിൽ കുറിക്കുക, ആദ്യ മൂന്ന് ദിവസത്തെ പ്രവൃത്തികൾ തുടരുക, ഇതുവരെ അറിഞ്ഞ ചുറ്റുപാടിനെ കുറിച്ച് നിങ്ങളുടെ സർഗ്ഗാത്മക രീതിയിൽ പ്രദർശിപ്പിക്കുക, പാഴ്വസ്തുക്കളെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കുക, അച്ഛനോടും അമ്മയോടും മുത്തച്ഛനോടും മുത്തശ്ശിയോടും ചോദിച്ച് അവരുടെ ചെറുപ്രായത്തിൽ പറമ്പിൽ ഉണ്ടായിരുന്ന/കൃഷി ചെയ്തിരുന്ന കിഴങ്ങ് വർഗ്ഗങ്ങൾ ഏതൊക്കെ ആയിരുന്നുവെന്നും അവയുടെ കൃഷി രീതി എങ്ങനെ ആയിരുന്നുവെന്നും ഓരോന്നിന്റെയും പ്രത്യേകതകൾ എന്തൊക്കെയായിരുന്നു, ചില കിഴങ്ങ് വർഗ്ഗങ്ങളുടെ കിഴങ്ങ് മാത്രമല്ല അവയുടെ തണ്ടും, ഇലയും ഭക്ഷണ യോഗ്യമാണ് അവ ഏതൊക്കെയാണ് എന്നും മനസ്സിലാക്കുക, പണ്ട് കാലത്തെ വീടാണോ അതോ നമ്മൾ ഇപ്പോൾ താമസിക്കുന്ന വീടാണോ പ്രകൃതിയോട് ഏറ്റവും ഇണങ്ങിയത്, അന്നത്തെ വീടും ഇന്നത്തെ വീടും തമ്മിലുള്ള സാമ്യവും വ്യത്യാസവും കണ്ടെത്തി നല്ലൊരു കുറിപ്പ് തയ്യാറാക്കുക, വീട്ടിനകത്തും പറമ്പിലുമുള്ള ജീവി വർഗ്ഗത്തെ നിരീക്ഷിച്ച് ഡയറിക്കുറിപ്പ്/ ആൽബം തയ്യാറാക്കുക, പറമ്പിൽ ഏതൊക്കെ ജീവി വർഗ്ഗത്തിനാണ് കൂട് (താമസ സ്ഥലം) ഉള്ളതെന്ന് മനസ്സിലാക്കുക, ഏതൊക്കെ ജീവി വർഗ്ഗങ്ങളാണ് ഉള്ളതെന്ന് തരംതിരിക്കുക (പ്രാണികൾ, ശലഭങ്ങൾ, ഇഴജന്തുക്കൾ, മൃഗങ്ങൾ, പക്ഷികൾ, വളർത്തു മൃഗങ്ങൾ), വീട്ടിൽ കൃഷിത്തോട്ടം/ അടുക്കളകൃഷി/ മട്ടുപ്പാവ് കൃഷി / ഫലവൃക്ഷങ്ങൾ ഉണ്ടോ എന്നും ഉണ്ടെങ്കിൽ അത് ഏതൊക്കെ ഇനങ്ങൾ എന്നും മനസ്സിലാക്കുക, ഏതൊക്കെ പച്ചക്കറികൾ ഏതൊക്കെ വിഭവങ്ങൾ തയ്യാറാക്കാനായി ഉപയോഗിക്കുന്നെന്ന് മനസ്സിലാക്കുക, ഇതിൽ ഏതൊക്കെ പച്ചക്കറി ഇനങ്ങൾ നമുക്ക് വീട്ടിൽ കൃഷി ചെയ്യാൻ സാധിക്കും എന്ന് മനസ്സിലാക്കുക, അവയുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക, കൃഷിക്കായി ഈ പച്ചക്കറി ഇനങ്ങളുടെ വിത്ത് / തൈ എവിടെ നിന്നും കിട്ടുമെന്ന് മനസ്സിലാക്കുക,

കുറച്ച് ഫലവൃക്ഷങ്ങൾ പറമ്പിൽ വച്ച് പിടിപ്പിക്കുക, മുൻദിവസങ്ങളിലെ പ്രവർത്തനങ്ങൾ എങ്ങനെയൊക്കെ കുട്ടികളെ സ്വാധീനിച്ചു എന്ന് കുട്ടികൾ തന്നെ അവതരിപ്പിക്കുക തുടങ്ങി വ്യത്യസ്ത പ്രവർത്തങ്ങൾ ആണ് ഓരോ ദിവസങ്ങളിലുമായി ചെയ്യാൻ ബാലസഭാ കുട്ടികളോട് നിർദേശിച്ചിരിക്കുന്നത്.

2020 അന്താരാഷ്ട്ര സസ്യാരോഗ്യ വർഷമാണെന്നും കൃഷിക്കായി ബാലസഭാ കുട്ടികളെ സഹായിക്കാൻ/അറിവ് തരാൻ കുടുംബശ്രീയിൽ ഒരു ടീം തന്നെയുണ്ടെന്നും അവരുടെ സഹായവും കുട്ടികൾക്ക് തേടാവുന്നതാണ് എന്ന് ജില്ലാമിഷൻ ഓർമ്മിപ്പിക്കുന്നു.

ചുറ്റുപാടും നിരീക്ഷിച്ചു വിശകലനം ചെയ്യാനാണ് കുട്ടികൾക്കു നൽകിയിരിക്കുന്ന നിർദേശം. അച്ഛൻ, അമ്മ, മുത്തച്ഛൻ, മുത്തശ്ശി എന്നിവരിൽ നിന്നുള്ള പഴമയുടെ അറിവും കുട്ടികളിലേയ്ക്ക്  കൈമാറ്റം ചെയ്യപ്പെടണം എന്ന ലക്ഷ്യമാണ് കൊല്ലം ജില്ലാ മിഷന്റെ ഈ പദ്ധതിക്ക് പിന്നിൽ ഉള്ളത്. കുട്ടികൾക്ക് സർഗ്ഗാത്മകമായ രീതിയിൽ ഇത് അവതരിപ്പിക്കാം. CDS തല വാട്സ്ആപ്പ് ഗ്രൂപ്പിലും, ഫേസ്ബുക്ക് ഗ്രൂപ്പിലും കുട്ടികൾക്ക് ഷെയർ ചെയ്യാവുന്നതാണ്. പ്രവർത്തങ്ങൾ റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ ആണ് കുടുംബശ്രീ കൊല്ലം ജില്ലാമിഷൻ ആവിഷ്കരിച്ചത്. കൊറോണയും അവധിക്കാലവും എന്ന വിഷയത്തിൽ കഥ, കവിത, ഡയറിക്കുറിപ്പ് എന്നിവ തയ്യാറാക്കാനുള്ള മത്സരം ബാലസഭാ കുട്ടികൾക്കായി കുടുംബശ്രീ കൊല്ലം ജില്ലാമിഷൻ ഇതിനോടകം നടത്തിയിരുന്നു. ബാലസഭാ കുട്ടികളിൽ നിന്നും അവരുടെ രക്ഷിതാക്കളിൽ നിന്നും മികച്ച പ്രതികരണമാണ് 'റിഥം ഓഫ് നേച്ചർ' നു ലഭിച്ചു കൊണ്ടിരിക്കുന്നത്. ലോക്ക് ഡൗൺ കാലം പുതിയ തലമുറയ്ക്ക്  തിരിച്ചറിവുകളുടെ കാലമാക്കി മാറ്റുകയാണ് കുടുംബശ്രീ കൊല്ലം ജില്ലാമിഷൻ.